ര്യങ്ങൾ കുറഞ്ഞകാലയളവിൽ ഒരുക്കി ക്ളാസ്സ് തുടങ്ങി. അടുത്ത വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മെഡിക്കൽകോളേജിനുവേണ്ടി, കളമശ്ശേരിയിൽ 60 ഏക്കർ സ്ഥലം ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. ടി കോളേജിനോട് അനുബന്ധമായുണ്ടായിരിക്കേണ്ട ആശുപത്രി ഏർപ്പാടാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അടുത്ത വർഷം ആരംഭിക്കുവാനുള്ള 9 എഞ്ചിനീയറിംഗ് കോളേജിനും ഒരു എം.ബി.എ. കോഴ്സിനുള്ള കമ്മ്യൂണിറ്റി കോളേജിനുംവേണ്ട അപേക്ഷ എ.ഐ.ജി.ടി.ഇ. ക്ക് സമർപ്പിച്ചു. ഈ സ്ഥാപനങ്ങൾക്ക് ആവശ്യമായ സ്ഥലസൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും പരിശോധിച്ചുവരുന്നു. സഹകരണ അക്കാഡമിയുടെ പ്രവർത്തനം ഇപ്രകാരം സമയബന്ധിതമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) അക്കാഡമിയുടെ പ്രവർത്തനത്തിന് ഇതുവരെ ലഭ്യമായ തുക താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സംഭാവനയായി കിട്ടിയതാണ്.

1. കേരള സംസ്ഥാന സഹകരണ ബാങ്ക്.
2. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്.
3. കൊല്ലം ജില്ലാ സഹകരണ ബാങ്ക്.
4. ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്.
5. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്.
6. എറണാകുളം ജില്ലാ സഹകരണ ബാങ്ക്.
7. പാലക്കാട് ജില്ലാ സഹകരണ ബാങ്ക്.
8. കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്.

30 (*356) സഹകരണരംഗത്തിന്റെ വിപുലീകരണം

ശ്രീ. പി. പി.സുലൈമാൻ റാവുത്തർ :

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ വിദ്യാലയങ്ങൾ ആരംഭിക്കുവാനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും കമ്പ്യൂട്ടർ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിക്കുവാനുള്ള പദ്ധതി ആവിഷ്കരിക്കുമോ;

(സി) ഏതൊക്കെ മേഖലയിൽ സഹകരണ സ്ഥാപനങ്ങൾക്ക് വിജയകരമായി പ്രവർത്തിക്കാൻ ആകും എന്നത് സംബന്ധിച്ച് പഠനം നടത്തി ആ മേഖലകളിൽ സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉതകുന്ന ഒരു പദ്ധതിയാവിഷ്കരിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ)&(ബി) സഹകരണമേഖലയിൽ "സഹകരണ അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷൻ" എന്ന ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന് കീഴിൽ മെഡിക്കൽകോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സഹകരണ മേഖലയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിജയകരമായി പ്രവർത്തിക്കാൻ ആകുമോ എന്ന് പരിശോധിച്ച ശേഷമാണ് അതിനുള്ള ആരംഭം കുറിച്ചത്. പുതിയ മേഖലകളുടെ കാര്യം പരിശോധിക്കാവുന്നതാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1805) പിന്നോക്ക-പട്ടികസമുദായക്ഷേമ പ്രവർത്തനങ്ങൾ

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നോക്ക പട്ടിക സമുദായക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി ഗവൺമെന്റ് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങളുടെ പുരോഗതി ജില്ലാതലത്തിൽ ജില്ലാ പ്ലാനിംഗ് കമ്മിറ്റിയും, പട്ടികജാതി-പട്ടികവർഗ്ഗ വികസന സമിതിയും സംസ്ഥാനതലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർമാരും വകുപ്പ് സെക്രട്ടറിയും വിലയിരുത്തുന്നുണ്ട്. കൂടാതെ സംസ്ഥാന ഉപദേശകസമിതി ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകാറുണ്ട്. കോർപ്പറേഷനുകളുടെ ഓരോ വർഷങ്ങളിൽ കഴിഞ്ഞതും വരുംവർഷങ്ങളിൽ നടക്കാനിരിക്കുന്നതുമായ ക്ഷേമപ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് സർക്കാരിനു സമർപ്പിക്കുന്നുണ്ട്. ടി റിപ്പോർട്ടുകൾ വിലയിരുത്തിയിട്ടാണ് സർക്കാരിൽ നിന്നും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അനുമതിയും അതിനാവശ്യമായ ഫണ്ടും അനുവദിക്കുന്നത്. കൂടാതെ ഹഡ്കോയും ദേശീയ പട്ടികജാതി-പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനും കോർപ്പറേഷനുകൾ നടപ്പിലാക്കുന്ന അവരുടെ പദ്ധതികളെ സംബന്ധിച്ച് അവലോകനം നടത്തിക്കൊണ്ടാണ് കോർപ്പറേഷനുകൾക്ക് പുതിയ പദ്ധതികളും ഫണ്ടും അനുവദിച്ചുവരുന്നത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

2 (1806) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലവസരം സൃഷ്ടിക്കുന്ന പദ്ധതി

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :

LIBRARY ARCHIVES Kerala Legislative Assembly